**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ നഗരസഭയിലെ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ ശ്രീ. എസ്. ചന്ദ്രബാബു ഫയൽ ചെയ്ത OA.1036/15-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3146/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.10.2015.

================================================================

പരാമർശം:- 1) 12.06.2015 തീയതിയിലെ ശ്രീ. എസ്. ചന്ദ്രബാബു സമർപ്പിച്ച അപേക്ഷ.

2) 23.06.2015-ലെ OA.1036/15 നമ്പർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 27.07.2015, 09.08.2015 തീയതികളിലെ ഇ6-15824/15 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്കു തസ്തികയിൽ സേവനമനുഷ്ഠിക്കവേ ശ്രീ.എസ്. ചന്ദ്രബാബുവിനെ ഹെഡ്ക്ലാർക്ക്/റവന്യു ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രമോഷൻ നൽകി ആലപ്പുഴ നഗരസഭയിൽ നിയമിച്ചിരുന്നു. ടിയാൻ വികലാംഗനായതിനാൽ തിരുവനന്തപുരം നഗരസഭയിൽ തന്നെ നിയമനം നൽകണമെന്നാവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA.1036/15 നമ്പരായി ഫയൽ ചെയ്തു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2)-ലെ ഉത്തരവിൽ അപേക്ഷകന്റെ അപ്പീൽ അപേക്ഷയിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത നിർദ്ദേശ പ്രകാരം അണ്ടർ സെക്രട്ടറി അപേക്ഷകനെ നേരിൽ കേട്ടു. പരാമർശം (3)-ലെ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 10.03.21983-ലെ 13058/എസ്.ഡി.1/82/പൊ.ഭ.വ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലും, 2015-2016-ലെ പൊതുസ്ഥലം

മാറ്റത്തിനായുള്ള മുൻഗണനാ ലിസ്റ്റ് പ്രകാരം അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയതിനു ശേഷം വരുന്ന ആദ്യ ഹെഡ്ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ ഒഴിവിലേയ്ക്ക് ശ്രീ. എസ്. ചന്ദ്രബാബുവിനെ പരിഗണിക്കണമെന്ന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകി Annexure MA1 തീർപ്പാക്കിയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2)-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ,
തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. എസ്. ചന്ദ്രബാബു, ഹെഡ്ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ,
ആലപ്പുഴ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**